**Week-3**

# The symbol of supreme Love(2 king:10:15)

## (സ്നേഹം എന്ന മുഖമുദ്ര)-(2 രാജ 10:15)



ഒരിക്കൽ തിരക്കുള്ള ഒരു റെയിൽവേസ്റ്റേഷനിൽ എത്തിയ കുടുംബാംഗങ്ങൾ അപരിചിതരായ മനുഷ്യരേയും പുതുമ നിറഞ്ഞ സാഹചര്യത്തേയും കണ്ട് ഭയപ്പാടിലായി. പെട്ടെന്ന് ഗൃഹനാഥന് ഒരു ബുദ്ധിതോന്നി. സാധനങ്ങൾ ഇരിക്കുന്നിടത്തു തന്നെ നിങ്ങൾ കൈകൾ കോർത്തു പിടിച്ചു നിൽക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു. ആരും കൈകൾ വിട്ട് മാറുകയും ചെയ്യരുത് എന്ന് പ്രത്യേക നിർദ്ദേശം നൽകിയ അദ്ദേഹം അതിന്റെ കാരണവും വ്യക്തമാക്കി. കൈകോർത്ത് നില്ക്കുന്ന നിങ്ങളെ ആരും തട്ടിക്കൊണ്ടു പോകുകയില്ല. മറ്റൊന്ന്, നിങ്ങൾ ആരും കൂട്ടം തെറ്റി പോകുകയുമില്ല എന്നു മാത്രമല്ല ഒരാൾക്ക് എന്തു സംഭവിച്ചാലും മറ്റുള്ളവർ അറിയുകയും പ്രതികരിക്കുകയും ചെയ്യും.

സ്നേഹമുള്ളിടത്തേ കൈകോർത്ത് പിടിക്കുവാൻ കഴിയുകയുള്ളൂ. അലറുന്ന സിംഹം  പോലെയുള്ള പിശാച് നമ്മെ തകർക്കാതിരിപ്പാൻ , വിശ്വാസികൾ ആരും നഷ്ടമാകാതിരിഷാൻ പരസ്പരസ്നേഹത്തോടെ വിശ്വാസികൾ കൈകോർത്തു പിടിച്ച് മുൻപോട്ടു പോകേണമെന്ന് കർത്താവാഗ്രഹിക്കുന്നു.  ഒരു കൂടി വരവിൽ ഇപ്രകാരം കൈപിടിച്ച് പ്രാർത്ഥിക്കുക, കൈകൊടുക്കുക



എന്ന് പറയുന്നതും കൂട്ടായ്മയെ പ്രകാശിപ്പിക്കുന്ന ഘടകങ്ങളാണ്. . സൗഖ്യമാക്കുവാൻ അവൻ കൈനീട്ടുമ്പോഴാണ് അടയാളങ്ങളും , അത്ഭുതങ്ങളും  നടക്കുന്നത്. ഒരേ മനസ്സോടെ കൈകോർത്തു പിടിച്ച് പ്രാർത്ഥിക്കുമ്പോൾ ശത്രു തോറ്റുപോകുന്നു.

ഒരുമിച്ച് കൂടിയിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിച്ച ശിഷ്യൻമാർ ദൈവവചനം പൂർണ്ണധൈര്യത്തോടെ പ്രസ്താവിച്ചപ്പോഴാണ്ജനം വിശ്വസിച്ചത്.  (അ:പ്ര:4:32) ൽ പറയുന്ന ക്രിസ്തുവിൽ വിശ്വസിച്ചവരുടെ കൂട്ടം ഏകമനസ്സും , ഏകഹൃദയവും ഉള്ളവരായിരുന്നു എന്ന്. അതായത് വിശ്വാസികൾ മുട്ടുള്ളവർക്ക് സഹായഹസ്തം നീട്ടുവാൻ മനസ്സുള്ളവരായിരുന്നു എന്ന് വ്യക്തം.

ദൈവീക നിർദ്ദേശപ്രകാരമാണ് യേഹൂവിനെ യിസ്രായേലിന്റെ രാജാവായി ഏലിയാവ് അഭിഷേകം ചെയ്തത്. (1രാജ:19:16) . തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കിയശേഷം അവിടെ നിന്ന് പുറപ്പെടുമ്പോൾ തന്നെ എതിരേല്പാൻ വന്ന യോനാബിനെ കണ്ട്---- “ എന്റെ ഹൃദയം

നിന്റെ ഹൃദയത്തോടെ ചേർന്നിരിക്കുന്നതുപോലെ നിന്റെ ഹൃദയം പരമാർത്ഥമായിരിക്കുന്നുവോ എന്ന് ചോദിച്ചു". (2 രാജ:10:15)ഹൃദയം പരമാർത്ഥതയുള്ളവർക്കേ കൈകൾകോർത്ത് പരമാർത്ഥതയോടെ പ്രാർത്ഥിഷാനും യഹോവയ്ക്കുവേണ്ടി ശുഷ്ക്കാന്തിയോടെ പ്രവർത്തിഷാനും കഴിയുകയുള്ളൂ. അതായത് സ്നേഹത്തിന്റെ അടയാളമാണ് കൈ കൊടുക്കുക, കൈകോർക്കുക, എന്നത്. വചനം പറയുന്നു ഒരുവനേക്കാൾ ഇരുവർ ഏറെ നന്നെന്ന്. അവൻ, നാം പരസ്പരം സ്നേഹത്തോടെ പ്രവർത്തിക്കുന്നത് കാണുവാനാണ് ആഗ്രഹിക്കുന്നത്. അവൻ നമ്മെ സ്നേഹിക്കുന്നതിന്റെ അടയാളമാണ് കാൽവറിയിലെ ക്രൂശ്.

പ്രീയരേ ! യേശുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ നാം ഒറ്റപ്പെട്ടുപോകുവാനിടയാകരുത്.ദൈവം നമ്മെ ഏല്പിച്ച ദൗത്യം നിറപടിയായി നിവർത്തിഷാനുള്ള കൃപ ലഭ്യമാകട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ ! കൂട്ടം തെറ്റിഷോയി ദൈവമാർഗ്ഗം നഷ്ടമാകാതെ ഐക്യവും സ്നേഹവും ഉള്ളവരായി സത്യത്തിന്റെ വഴിയിൽ നടഷാൻ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നേ . ആമേൻ

Santhamma Varghese